**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3008** **25-06-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരുവ-പനയം-മൺറോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരുവ-പനയം-മൺറോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ഘടക പ്രവർത്തനങ്ങളാണ് ആരംഭിക്കുകയും ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | ജൽ ജീവൻ മിഷൻ - തൃക്കരുവ, പനയം, പെരിനാട്, മൺറോതുരുത്ത് പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. പെരിനാട് പഞ്ചായത്തിലേക്കുള്ള 5552 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിന്റെയും, 70.80 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 880 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 32.72 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.<br>2. പനയം പഞ്ചായത്തിലേക്കുള്ള 5867 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിന്റെയും, 55.97 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും, 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1269 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 34.70 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>3. തൃക്കരുവ പഞ്ചായത്തിലേക്കുള്ള 2084 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിന്റെയും, 41.62 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 6 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2.35 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്.<br>4. മൺറോതുരുത്ത് പഞ്ചായത്തിലേക്കുള്ള 60 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിന്റെയും, 8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | | പുരോഗമിക്കുന്നു. നാളിതുവരെ 12 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 6.03 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. മൺട്രോതുരുത്ത് പഞ്ചായത്ത് "ഹർ ഘർ ജൽ" പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.<br>5. പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും, 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>6. തൃക്കരുവയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും, നാന്തിരിക്കൽ മുതൽ പെരിനാട് ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും, പെരിനാട് ജലശുദ്ധീകരണശാല മുതൽ തൃക്കരുവ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തിയ്ക്കായി നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ നാളിതുവരെ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ